**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5710** **08-11-2021 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ കൊട്ടുമ്പ്-പാളയം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2018-19 വർഷത്തെ സംസ്ഥാന ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ കൊട്ടുമ്പ്-പാളയം പാലം നിർമ്മാണ പ്രവൃത്തിക്ക് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയ്ക്കാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കാമോ? | (എ) | 2018-19 വർഷത്തെ സംസ്ഥാന ബജറ്റിൽ ക്രമ നമ്പർ 5646 ൽ 20% തുക വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ കൊട്ടുമ്പ് -പാളയം പാലം എന്ന പദ്ധതിയുടെ പേര് 30.12.2019 ലെ സ ഉ(സാ ധാ)നം.1526/2019/പൊ മ വ പ്രകാരം കൊട്ടുമ്പ് നടപ്പാലം നിർമ്മാണം എന്ന മാറ്റം വരുത്തുകയും തുടർന്ന് നിർമ്മാണ പ്രവൃത്തിയ്ക്ക് GO(Rt)No.709/2020/PWD Dated 27.08.2020 പ്രകാരം 500.00 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തിയുടെ സൈറ്റ് ക്ലിയറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. അപ്രോച്ച് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികളുടെ മതിലുകൾ പൊളിച്ചത് പുനർ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിച്ച് വരുന്നു. പുഴയിലെ ജലനിരപ്പ് കുറയുമ്പോൾ പാലം പ്രവൃത്തി ആരംഭിക്കുന്നതാണ്.കൊട്ടുമ്പ് ഭാഗത്തുള്ള അപ്രോച്ച് റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിനായി അധിക സ്ഥലം ആവശ്യമുണ്ട്.കൂടാതെ അങ്കനവാടി കെട്ടിടത്തിന്റെ ചുറ്റുമതിൽ പൊളിക്കേണ്ടതായിട്ടുണ്ട്.ആയതിനുള്ള അനുമതി 28.10.2021 നാണ് കൊട്ടുമ്പ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്.തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ